# അദ്ധ്യായം - 11



*സായി എന്ന സഗുണബ്രഹ്മം - ഡോക്ടർ പണ്ഡിറ്റിന്റെ ആരാധന - ഹാജീ സിദ്ധിഖ് ഫാൽക്കെ - പഞ്ചഭൂതങ്ങളിലുള്ള നിയന്ത്രണം.*

## സായി എന്ന സഗുണബ്രഹ്മം

ദൈവത്തിന് അഥവാ ബ്രഹ്മത്തിന് രണ്ട് ഭാവങ്ങളുണ്ട്. 1. നിർഗ്ഗുണം. 2. സഗുണം. നിർഗ്ഗുണം നിരാകാരവും സഗുണം സാകാരവുമാണ്. രണ്ടും ഒരേ ബ്രഹ്മത്തെ തന്നെയാണ് പ്രദിപാദിക്കുന്നത്. ചിലർ നിർഗ്ഗുണ ബ്രഹ്മവും മറ്റുചിലർ സഗുണബ്രഹ്മവും ഇഷ്ടപ്പെടുന്നു. ഗീതയിൽ പറഞ്ഞപോലെ സഗുണോപാസന എളുപ്പമാണ്. മനുഷ്യൻ സഗുണനായിരിക്കെ സഗുണോപാസന സുഗമമാണ്. സഗുണോപാസന പിന്നീട് നിർഗ്ഗുണ ബ്രഹ്മത്തിലേക്ക് നയിക്കുന്നു. അപ്പോൾ സഗുണോപാസന നടത്തുക. വിഗ്രഹം, പീഠം, അഗ്നി, വെളിച്ചം, സൂര്യൻ, ജലം, ബ്രഹ്മൻ എന്നീ ഏഴുപാധികളാണ് സഗുണോപാസനക്കുള്ളത്. അതിലും ഉപരി സദ്ഗുരുവിനെ ഉപാസിക്കലാണ്. ഈ അവസരം സായി രൂപം ഓർമ്മിക്കുക. ബാബയുടെ വാക്കിൽ വിശ്വാസവും ബാബയെ ആരാധിക്കാൻ ആഗ്രഹം ജനിക്കലും മറ്റാഗ്രഹങ്ങളെ

ഇല്ലാതാക്കലായി കണക്കാക്കുക. ഗംഗാജലം വഴിക്കുള്ള ജീവജാലങ്ങളെ രക്ഷിക്കുമ്പോലെയാണ് ഋഷിമാരുടെ ജീവിതവും. അവർ മറ്റുള്ളവർക്ക് ആശ്വാസം നൽകുന്നു. ഭഗവാൻ കൃഷ്ണൻ പറഞ്ഞു. ഋഷി എന്റെ ആത്മാവും രൂപവുമാണ്. ആനന്ദവിജ്ഞാനസ്ഥിതിഭാവമാണ് ഷിർദ്ദിയിൽ സായിബാബയായി അവതരിച്ചത്. തൈത്തരിയ ഉപനിഷദ്, ബ്രഹ്മനെ ആനന്ദമായി വിവരിക്കുന്നു. ഈ പുസ്തകത്തിൽ വായിക്കുന്ന കാര്യം ഭക്തന്മാർ സായിയിൽകൂടെ നേരിട്ടു കണ്ടു. ബാബക്ക് പ്രത്യേക ആസനമൊന്നുമില്ലായിരുന്നു. എന്നും ഉപയോഗിക്കുന്ന ചാക്കുകഷ്ണം ഭക്തന്മാർ ഒരു കിടക്കയാക്കി. ചാരിയിരിക്കാൻ ഒരു കുഷ്യനും വെച്ചുകൊടുത്തു. ബാബ ഭക്തന്മാരുടെ മനഃസ്ഥിതിയറിഞ്ഞു അവരെ യഥേഷ്ടം പൂജിക്കാനനുവദിച്ചു. ചിലർ ചാമരം വീശി, ചിലർ വാദ്യഘോഷം മുഴക്കി, ചിലർ അർഘ്യംകൊണ്ട് കാൽകഴുകിച്ചു, ചിലർ ചന്ദനവും സെന്റും പൂശിക്കൊടുത്തു. ചിലർ താംബൂലം നൽകി, ചിലർ നൈവേദ്യം നൽകി. ഷിർദ്ദിയിലാണെങ്കിലും ബാബ സർവ്വവ്യാപിയായിരുന്നു. ഇത് നിത്യം ഭക്തന്മാർക്ക് അനുഭവമായിരുന്നു. നാം ആ സദ്ഗുരുവിനെ ഭക്തിയോടെ നമസ്കരിക്കുക.

## ഡോക്ടർ പണ്ഡിറ്റിന്റെ ആരാധന

താത്ത്യാസാഹെബ്ബ് നൂൽക്കാറിന്റെ സ്നേഹിതൻ ഒരു ഡോക്ടർ പണ്ഡിറ്റ് ബാബാദർശനത്തിന് ഒരിക്കൽ ഷിർദ്ദിയിൽ വന്നു. ബാബയെ വന്ദിച്ചു. മസ്ജിദ്ദിൽ കുറച്ചിരുന്നു. അയാൾ ദാദാഭട്ട് കേൽക്കാറിന്റെ അടുക്കൽ ചെന്നപ്പോൾ വേണ്ടപോലെ സ്വീകരിച്ചു. പിന്നീട് ദാദാഭട്ട് പൂജക്ക് പോയപ്പോൾ ഡോക്ടർ പണ്ഡിറ്റ് കൂടെപോയി. ദാദാഭട്ട് ബാബയെ ആരാധിച്ചു. അന്നുവരെ ഒരാളും ബാബയുടെ നെറ്റിയിൽ ചന്ദനം പൂശാൻ ധൈര്യ

പ്പെട്ടിട്ടില്ല. മഹൽസാപതി മാത്രം കഴുത്തിൽ ചന്ദനം പൂശുമായിരുന്നു. ഡോക്ടർ പണ്ഡിറ്റ് ദാദാഭട്ടിന്റെ പൂജാസാമഗ്രികളിൽ നിന്ന് ചന്ദനം വാരിയെടുത്ത് ബാബയുടെ നെറ്റിയിൽ ത്രിപുണ്ഡ്റം വരച്ചു. അതിശയകരമാംവണ്ണം, ബാബ ഒന്നും പറഞ്ഞില്ല. അന്നു വൈകുന്നേരം ദാദാഭട്ട്, ബാബയോടിപ്രകാരം ചോദിച്ചു. ചന്ദനം നെറ്റിയിൽ പൂശാനനുവദിക്കാത്ത ബാബ ഡോക്ടർ പണ്ഡിറ്റിനെ എങ്ങിനെ അതിനനുവദിച്ചു ബാബ പറഞ്ഞു. എന്നെ അയാളുടെ ഗുരു, ദോപേശ്വരിലെ രഘുനാഥ് മഹരാജയാ (കാക്കാപുരാണിക്ക്) യിട്ടാണ് കണ്ടത്. അങ്ങിനെ അദ്ദേഹത്തിന്റെ നെറ്റിയിൽ പൂശുംപോലെ എന്റെ നെറ്റിയിൽ ചന്ദനം പൂശിയതാണ്. അങ്ങിനെ ഗുരുവിന് ചെയ്തപോലെ എന്റെ നെറ്റിയിൽ ത്രിപുണ്ഡം വരച്ചതാണ്.

ബാബ ഭക്തന്മാരെ യഥേഷ്ടം ആരാധിക്കാനനുവദിച്ചിരുന്നെങ്കിലും ചിലപ്പോൾ പ്രത്യേകതരത്തിൽ പെരുമാറുമായിരുന്നു. ചിലപ്പോൾ കോപിഷ്ഠനായി പൂജാസാമഗ്രികൾ വലിച്ചെറിയും. അപ്പോൾ ആർക്കും അടുക്കാൻ കഴിയില്ല. ഇടയ്ക്ക് ഭക്തന്മാരെ ചീത്ത പറയും. ഇടയ്ക്ക് വളരെ സൗമ്യനായി കാണും. കോപത്താൽ കണ്ണുചുവപ്പിച്ച് നിൽക്കുമെങ്കിലും ഉള്ളുകൊണ്ട് മാതൃനിർവ്വിശേഷമായ സ്നേഹമായിരിക്കും. ഉടനെ ഭക്തന്മാരെ വിളിച്ച് തനിക്ക് കോപം വന്നത് താനറിഞ്ഞില്ലെന്ന് പറയും. അമ്മ മക്കളെ ചവുട്ടിയാലും, സമുദ്രം പുഴയെ വിലക്കിയാലും താൻ ഭക്തന്മാരെ അകറ്റില്ലെന്നും പറയും. ബാബ എന്നും ഭക്തന്മാരുടെ സ്നേഹം ആർജ്ജിച്ചു.

## ഹാജി സിദ്ധിഖ് ഫാൽക്കെ

ബാബ എപ്പോഴാണ് ഒരു ഭക്തനെ അംഗീകരിക്കുക എന്ന് പറയാൻ കഴിയില്ല. ബാബയുടെ ഇഷ്ടമാണ്. സിദ്ധിഖിന്റെ കഥ

ഉദാഹരണമാണ് കല്യാണിൽ നിന്ന് സിദ്ധിഖ് ഫാൽക്കെ എന്നൊരാൾ ഹജ്ജു കർമ്മം കഴിഞ്ഞ് വരുമ്പോൾ ഷിർദ്ദിയിൽ വന്നു. അയാൾ ഒരു ചാവടിയിൽ താമസിച്ച് മസ്ജിദിൽ വന്ന് തുറന്നമുറ്റത്തിരുന്നു. ഒമ്പതുമാസത്തോളം ബാബ അയാളെ അവഗണിച്ച് മസ്ജിദിൽ കയറാൻ അനുവദിച്ചില്ല. ഫാൽക്കെ വളരെ ദുഃഖിതനായി, എന്തു ചെയ്യണമെന്നറിയാതെയായി. ആരോ അയാളോട് നിരാശനാവേണ്ടെന്നും മാധവറാവു ദേശ്പാണ്ഡെ മുഖാന്തരം (ശാമ) ബാബയെ സമീപിക്കാമെന്നും പറഞ്ഞു. ശിവനെ നന്ദി മുഖാന്തരം സമീപിക്കാവുന്നപോലെ ബാബയെയും ശാമ മുഖാന്തരം സമീപിക്കാമെന്നവർ പറഞ്ഞുകൊടുത്തു. ഫാൽക്കെ അതനുസരിച്ച് ശാമയോട് ഇടപെടാൻ അപേക്ഷിച്ചു. ശാമ സമ്മതിച്ച് സൗകര്യം കിട്ടിയപ്പോൾ ബാബയോടിപ്രകാരം അയാളെപ്പറ്റി പറഞ്ഞു. ബാബ! എന്താണ് ആ വയസ്സൻ ഹാജിയെ മസ്ജിദിൽ വരാൻ സമ്മതിക്കാത്തത്, പലരും അവിടുത്ത് കണ്ടുപോവുന്നില്ലേ? ഒന്നയാളെ അനുഗ്രഹിച്ചുകൂടെ? ബാബ പറഞ്ഞു. ശാമ! നീ ഇതൊക്കെ മനസ്സിലാക്കാൻ വളരെ ചെറുപ്പമാണ്. അള്ളാ എന്നെ അനുവദിക്കുന്നില്ല. ഞാനെന്തു ചെയ്യും. അള്ളാവിന്റെ സമ്മതമില്ലാതെ ആർക്കീ മസ്ജിദിൽ കയറാനാവും?. അയാളോട് ചോദിക്ക് അയാൾ വാർവികിണറിന്റെ അടുക്കലുള്ള ഇടുങ്ങിയ വഴിയിൽ വരുമോ എന്ന് ശാമപോയി വരാമെന്ന മറുപടിയും കൊണ്ട് മടങ്ങിയെത്തി. വീണ്ടും ബാബ പറഞ്ഞു. അയാളോട് എനിക്ക് നാലു ഗഡുക്കളായി നാല്പതിനായിരം ഉറുപ്പിക തരുമോ എന്ന് ചോദിക്കൂ. ശാമ പോയി മടങ്ങിവന്നു പറഞ്ഞു 40 ലക്ഷം തരുവാനും തയ്യാറാണെന്ന്. ബാബ ശാമയോട് വീണ്ടും പറഞ്ഞു. നാം ഒരു ആടിനെ മസ്ജിദിൽ വെച്ച് അറക്കാൻ പോകുന്നു അയാളോട് ചോദിക്കൂ, അയാൾക്ക് ഇറച്ചിയോ, കരളോ, മണിയോ എന്താണ് ഇഷ്ടമെന്ന്. ശാമ മടങ്ങിവന്ന് പറ

ഞ്ഞു, ഹാജിക്ക് ബാബയുടെ പാത്രത്തിൽ നിന്ന് എന്തെങ്കിലും ലേശം കിട്ടിയാൽ മതി. എന്ന്. ഇത് കേൾക്കേണ്ട താമസം ബാബ ആവേശഭരിതനായി പാത്രങ്ങളെല്ലാം തട്ടി നീക്കി ഹാജിയുടെ അടുത്തുചെന്ന് അയാളെ പിടിച്ചെഴുന്നേൽപിച്ച് പറഞ്ഞു. നീ എന്തിനാണ് വലിയ ആളും വലിയ ഹാജിയും യോഗ്യനുമാണെന്ന് അഹങ്കരിച്ചത്? ഖുറാനിൽ ഇതാണോ പറഞ്ഞത്? നീ മെക്കയിൽ പോയതിൽ വലിയ ആളാണെന്ന് വിചാരിക്കയാണല്ലെ? നീ എന്നെ അറിയില്ല. എന്നിങ്ങനെ ചീത്ത പറഞ്ഞു. ഹാജി അന്തംവിട്ടു പോയി, ബാബ മസ്ജിദിൽ മടങ്ങി വന്നു കുറച്ചു മാങ്ങ വാങ്ങി ഹാജിക്ക് അയച്ചുകൊടുത്തു. ബാബ വീണ്ടും ഹാജിയുടെ അടുക്കലേക്ക് ചെന്ന് സ്വന്തം പോക്കറ്റിൽ നിന്ന് 55 ക. എടുത്ത് ഹാജിയുടെ കൈയ്യിൽ കൊടുത്തു. അതിൽപിന്നെ ബാബക്ക് ഹാജിയെ ഇഷ്ടമായി ബാബ ഭക്ഷണത്തിന് വിളിച്ചു. പിന്നെ ഹാജി ഇഷ്ടപ്രകാരം മ്സജിദിൽ വരാൻ തുടങ്ങി. ഇടക്ക് അയാൾക്ക് ബാബ പണം കൊടുക്കും. അങ്ങനെ ഹാജി ബാബയുടെ ദർബാറിലെ ഒരംഗമായിത്തീർന്നു.

## ബാബക്ക് പഞ്ചഭൂതങ്ങളിലുള്ള നിയന്ത്രണം

ബാബക്ക് പഞ്ചഭൂതങ്ങളിലുള്ള നിയന്ത്രണത്തിന് രണ്ടുദാഹരണങ്ങൾ പറഞ്ഞ് ഈ അദ്ധ്യായം അവസാനിപ്പിക്കാം. 1) ഒരു വൈകുന്നേരം ഷിർദ്ദിയിൽ വമ്പിച്ച കൊടുങ്കാറ്റുണ്ടായി, ആകാശം കാർമേഘംകൊണ്ട് ഇരുളടഞ്ഞു. ഭയങ്കരമായ കാറ്റും ഇടിയും മിന്നലും ഘോര മഴയുമുണ്ടായി. കുറച്ചു സമയംകൊണ്ട് അവിടെ മുഴുവൻ ജലപ്രളയമായി. എല്ലാ ജീവജാലങ്ങളും മനുഷ്യരും ഭയന്ന് മസ്ജിദിൽ അഭയംപ്രാപിച്ചു. ഷിർദ്ദിയിൽ പലദേവന്മാരും അവരെ സഹായിച്ചില്ല. അവരെല്ലാവരും ബാബയോട് കൊടുങ്കാറ്റും മഴയും ശമിപ്പിക്കാൻ പ്രാർത്ഥിച്ചു. ബാബ മസ്ജി

ദിന്ന് പുറത്തുവന്ന് കൊടുങ്കാറ്റിനോട് ഇടിവെട്ടുംപോലെ കൽപിച്ചു. നിർത്ത്, നിർത്ത് നിന്റെ കോപം അടങ്ങ് നിമിഷനേരംകൊണ്ട് കൊടുങ്കാറ്റും മഴയും നിലച്ചു. ചന്ദ്രൻ ആകാശത്തിലുദിച്ചു. ജനങ്ങൽ സന്തുഷ്ടരായി 2) മറ്റൊരവസരത്തിൽ ഉച്ചക്ക് ധുനി ആളിക്കത്താൻ തുടങ്ങി. ജ്വാല മേല്പുരവരെ എത്തി. മസ്ജിദിലുള്ളവർക്ക് എന്തുവേണമെന്നറിയാതെയായി. അവർ ബാബയോട് പറയാനോ, വെള്ളം ഒഴിക്കാനോ എന്തെങ്കിലും ചെയ്യാനോ ധൈര്യപ്പെട്ടില്ല. ബാബ ഉടനെ സംഗതി അറിഞ്ഞു. ബാബ വടി (സത്ക) എടുത്ത് തൂണിൽകൊട്ടി പറഞ്ഞു. താഴോട്ട് - ശാന്തം എന്ന്. ഓരോ തട്ട് വടികൊണ്ടടിക്കുമ്പോൾ തീനാളം താണ്താണ് നിമിഷങ്ങൾകൊണ്ട് തീയടങ്ങി സാധാരണ മട്ടിലായി. ഇതാണ് സായി എന്ന അവതാരം. ആർ സാഷ്ടാംഗം നമസ്കരിച്ചു ആത്മാർപ്പണം ചെയ്യുന്നുവോ അവരെ ബാബ അനുഗ്രഹിക്കും. ഈ അദ്ധ്യായത്തിലെ കഥകൾ യാതൊരാൾ വിശ്വാസത്തോടും ഭക്തിയോടും ദിവസംതോറും വായിക്കുന്നുവോ, അവർ എല്ലാ ആപത്തിൽനിന്നും രക്ഷപ്പെടും. അതുമാത്രമല്ല സായി പ്രേമം തെളിഞ്ഞ് ദൈവസാക്ഷാല്ക്കാരം അനുഭവിക്കും. എല്ലാ ആഗ്രഹങ്ങളും നിറവേറും. പിന്നീട് ആഗ്രഹങ്ങളില്ലാതായി പരമാത്മാവിൽ ലയിക്കുകയും ചെയ്യും.

ശ്രീ സായിയെ നമിക്കുവിൻ - ലോകശാന്തി ഭവിക്കട്ടെ!